# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 934      10/02/2016-ൽ മറുപടിക്ക്

## കർഷകത്തൊഴിലാളി ക്ഷേമനിധി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. സാജുപോൾ | | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി) |
| (എ) കർഷകത്തൊഴിലാളി ക്ഷേമനിധി ആനുകൂല്യങ്ങളുടെ വിതരണം വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഡയറക്ടർ ബോർഡ് തലത്തിലും, ബോർഡിന്റെ ജില്ലാ ഓഫീസർമാരുടെ സംസ്ഥാന തല യോഗത്തിലും ക്ഷേമനിധി ആനുകൂല്യങ്ങളുടെ വിതരണം വിലയിരുത്തി വരുന്നുണ്ട്. ബോർഡിൽ 2010 ജനുവരി മുതലുള്ള ആനുകൂല്യങ്ങൾ കുടിശ്ശികയായിട്ടുണ്ട്. 2015 ഡിസംബറിലെ കണക്ക് പ്രകാരം ബോർഡ് നൽകിവരുന്ന വിവിധ ആനുകൂല്യങ്ങളിലായി 242 കോടി രൂപയുടെ ആനുകൂല്യങ്ങൾ കുടിശ്ശികയായുണ്ട്. ബോർഡ് നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിയാണ് കുടിശ്ശികയ്ക്ക് കാരണം. |
| (ബി) ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭിക്കാനുള്ള പരമാവധി വാർഷിക വരുമാനം നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു തുകയാണെന്ന് അറിയിക്കാമോ; | | **(ബി), (സി) & (ഡി)**<br>കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് വിതരണം ചെയ്തു വരുന്ന ക്ഷേമാനുകൂല്യങ്ങൾക്ക് വരുമാന പരിധി നിശ്ചയിച്ചിട്ടില്ല. |
| സി) വാർഷിക വരുമാനം കൂടുതലാണെന്ന കാരണത്താൽ ആരുടെയെങ്കിലും ആനുകൂല്യം തടഞ്ഞ് വച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | | |
| (ഡി) വരുമാന പരിധി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ